# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

### ജനന സർട്ടിഫിക്കറ്റിൽ മാതാപിതാക്കളുടെ പേരുകളിൽ അക്ഷരത്തെറ്റ്

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 3547.** 12.12.14 - **ൽ മറുപടി നൽ കേണ്ടത്**

| | ചോദ്യം<br>**ശ്രീ.റോഷിഅഗസ്റ്റിൻ<br>ഡോ.എൻ. ജയരാജ്<br>ശ്രീ.പി.സി. ജോർജ്** | | ഉത്തരം<br>**ഡോ.എം.കെ.മുനീർ,<br>പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി** |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പഞ്ചായത്തുകളിൽ നിന്ന് ലഭിക്കുന്ന ജനന സർട്ടിഫിക്കറ്റിൽ മാതാപിതാക്കളുടെ പേരുകളിൽ അക്ഷരത്തെറ്റ് ഉണ്ടായാൽ അത് തിരുത്തി നല്കുന്നതിനുള്ള നടപടി എന്താണ്; | (എ) | ചീഫ് രജിസ്ട്രാറുടെ 08.12.2010ലെ ബി1-20741/09 നമ്പർ സർക്കുലറിലെ ഖണ്ഡിക 7(3) പ്രകാരം രജിസ്ട്രേഷനുകളിലെ ക്ലറിക്കൽ തെറ്റുകൾ രജിസ്ട്രാറുടെ ശ്രദ്ധയിൽ പെട്ടുമ്പോഴോ ബന്ധപ്പെട്ട കക്ഷികൾ അപേക്ഷ നൽകുമ്പോഴോ അക്കാര്യം അന്വേഷിച്ച് ബോധ്യപ്പെട്ട് ബന്ധപ്പെട്ട വസ്തുതയുടെ നിജസ്ഥിതി തെളിയിക്കുന്നതിനാവശ്യമായ രേഖകൾ (തെളിവുകൾ) അപേക്ഷകൻ ഹാജരാക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഇത്തരത്തിലുള്ള തെറ്റുകൾ തിരുത്താവുന്നതാണ്. ഇത്തരത്തിലുള്ള തിരുത്തലുകൾക്കായി ബന്ധപ്പെട്ട കക്ഷികൾ രജിസ്ട്രേഷനിലെ തിരുത്തൽ വരുത്തേണ്ട വസ്തുതയെ സംബന്ധിക്കുന്ന സത്യവാങ്മൂലം, അവ തെളിയിക്കുന്ന രേഖ (സ്കൂൾ രേഖ അല്ലെങ്കിൽ ആധാരം, പെൻഷൻ പേയ്മെന്റ് ഓർഡർ, ഗവ സർവ്വീസിൽ ജോലി ചെയ്യുന്നവരാണെങ്കിൽ അവിടെ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റ്, സമ്മതിദായക പട്ടിക, ഇലക്ടൽ തിരിച്ചറിയൽ കാർഡ്, റേഷൻ കാർഡ് എന്നിവയിൽ ഏതെങ്കിലും) എന്നിവയോടുകൂടി രജിസ്ട്രാർക്ക് സമർപ്പിക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ തിരുത്തൽ വരുത്താവുന്നതാണ്. അപേക്ഷിക്കുന്ന കക്ഷി തിരുത്തേണ്ട വസ്തുത സംബന്ധിച്ച് ബോധ്യമുള്ള രണ്ട് വിശ്വസനീയരായ വ്യക്തികളുടെ സത്യപ്രസ്താവന ഹാജരാക്കേണ്ടതാണ്.<br><br>(വിശ്വസനീയ വ്യക്തികൾ എന്നാൽ ഗസറ്റഡ് |

| | | | |
|---|---|---|---|
| | | | ഉദ്യോഗസ്ഥൻമാർ, ജനപ്രതിനിധികൾ, അദ്ധ്യാപകർ, ഡോക്ടർമാർ, അഭിഭാഷകർ എന്നിവരാണ്). 1970ന് മുൻപുള്ള ജനന മരണ രജിസ്ട്രേഷനുകളിലെ എല്ലാ തിരുത്തലുകൾക്കും ചീഫ് രജിസ്ട്രാറുടെ അനുമതി വാങ്ങേണ്ടതാണ്. കൂടാതെ കുട്ടികളുടെ മാതാപിതാക്കളുടെ പേരിൽ ഉണ്ടാകുന്ന തെറ്റുകൾ, മേൽവിലാസത്തിൽ ഉണ്ടാകുന്ന സ്പെല്ലിംഗ് മിസ്റ്റേക്കുകൾ തുടങ്ങിയ തെറ്റുകൾ തിരുത്തുന്നതിന് നോട്ടറി, 2 ഗസറ്റ് ഓഫീസർമാർ,വില്ലേജ് ഓഫീസർ എന്നിവരുടെ സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ വിശദമായ അന്വേഷണം നടത്തിയും മറ്റ് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും രജിസ്ട്രേഷനുകളിൽ 31-5-2013-ലെ 50817/ആർ.ഡി3/12/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം തിരുത്തൽ വരുത്താവുന്നതാണ്. |
| (ബി) | ജനന സർട്ടിഫിക്കറ്റിൽ മാതാവിന്റെ പേരിൽ അക്ഷരത്തെറ്റ് ഉണ്ടായാൽ അത് തിരുത്തി നല്കുന്നതിന് പഞ്ചായത്തിൽ അപേക്ഷ നല്കിയാൽ അത് തിരുത്തി നല്കുന്നതിന് തടസ്സമുണ്ടോ; വിശദമാക്കുമോ; | (ബി) | ചീഫ് രജിസ്ട്രാറുടെ 08.12.2010ലെ ബി1-20741/09 നമ്പർ സർക്കുലറിലെ ഖണ്ഡിക 7(3) പ്രകാരം രജിസ്ട്രേഷനുകളിലെ ക്ലറിക്കൽ തെറ്റുകൾ രജിസ്ട്രാറുടെ ശ്രദ്ധയിൽ പ്പെടുമ്പോഴോ ബന്ധപ്പെട്ട കക്ഷികൾ അപേക്ഷ നൽകുമ്പോഴോ അക്കാര്യം അന്വേഷിച്ച് ബോധ്യപ്പെട്ട് ബന്ധപ്പെട്ട വസ്തുതയുടെ നിജസ്ഥിതി തെളിയിക്കുന്നതിനാവശ്യമായ രേഖകൾ (തെളിവുകൾ) അപേക്ഷകൻ ഹാജരാക്കുന്നതിൻെറ അടിസ്ഥാനത്തിൽ ഇത്തരത്തിലുള്ള തെറ്റുകൾ തിരുത്താവുന്നതാണ്. ഇത്തരത്തിലുള്ള തിരുത്തലുകൾക്കായി ബന്ധപ്പെട്ട കക്ഷികൾ രജിസ്ട്രേഷനിലെ തിരുത്തൽ വരുത്തേണ്ട വസ്തുതയെ സംബന്ധിക്കുന്ന സത്യവാങ്മൂലം, അവ തെളിയിക്കുന്ന രേഖ (സ്കൂൾ രേഖ അല്ലെങ്കിൽ ആധാരം, പെൻഷൻ പേയ്മെൻറ് ഓർഡർ, ഗവ സർവ്വീസിൽ ജോലി ചെയ്യുന്നവരാണെങ്കിൽ അവിടെ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റ്, സമ്മതിദായക പട്ടിക, ഇലക്ടൽ തിരിച്ചറിയൽ കാർഡ്, റേഷൻ കാർഡ് എന്നിവയിൽ ഏതെങ്കിലും) എന്നിവയോട്ടുകൂടി രജിസ്ട്രാർക്ക് സമർപ്പിക്കുന്ന അപേക്ഷയുടെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ തിരുത്തൽ വരുത്താവുന്നതാണ്. അപേക്ഷിക്കുന്ന കക്ഷി തിരുത്തേണ്ട വസ്തുത സംബന്ധിച്ച് ബോധ്യമുള്ള രണ്ട് വിശ്വസനീയരായ വ്യക്തികളുടെ സത്യപ്രസ്താവന ഹാജരാക്കേണ്ടതാണ്. (വിശ്വസനീയ വ്യക്തികൾ എന്നാൽ ഗസറ്റഡ് ഉദ്യോഗസ്ഥൻമാർ, ജനപ്രതിനിധികൾ, അദ്ധ്യാപകർ, ഡോക്ടർമാർ, അഭിഭാഷകർ എന്നിവരാണ്). 1970ന് മുൻപുള്ള ജനന മരണ രജിസ്ട്രേഷനുകളിലെ എല്ലാ തിരുത്തലുകൾക്കും ചീഫ് രജിസ്ട്രാറുടെ അനുമതി വാങ്ങേണ്ടതാണ്. |
| (സി) | ഇത്തരം കേസുകളിൽ കെട്ടിക്കിടക്കുന്ന അപേക്ഷകളിൽ തീർപ്പുകല്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | സംസ്ഥാനത്തെ 978 ഗ്രാമപഞ്ചായത്തുകളിൽ ഇത്തരത്തിൽ അപേക്ഷകൾ കെട്ടിക്കിടക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |

Kajeun

സെക്ഷൻ ഓഫീസർ